സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ

35(1280) ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ സർക്കാർ സർവ്വീസിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്ത എത്ര ഒഴിവുകളിൽ നിയമനം നടത്തുകയുണ്ടായി;

(ബി) ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകളിൽ നിശ്ചിത ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അഭാവം നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) എല്ലാ വർഷവും ജനുവരി 1-ാം തീയതി അടിസ്ഥാനമാക്കി സർക്കാർ സർവ്വീസിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം അവലോകനം നടത്തുകയും 10% (പട്ടികജാതി-8%, പട്ടികവർഗ്ഗം-2%) പ്രാതിനിധ്യം ലഭ്യമാക്കിയിട്ടില്ലാത്ത വകുപ്പുകളിൽ ആനുപാതികമായ എണ്ണം തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തുന്നതിനായി സംവരണം നടത്തി അതാത് വകുപ്പുകളെയും പി.എസ്.സി.-യെയും അറിയിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഉത്തരവു പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഈ ഒഴിവുകളിലേക്കുള്ള നിയമനത്തെ സംബന്ധിച്ച് അതാത് വകുപ്പുകളിൽ നിന്ന് പ്രതിമാസ പുരോഗതി റിപ്പോർട്ട് ശേഖരിക്കുകയും അവലോകനം നടത്തി റിപ്പോർട്ട് അതാത് വകുപ്പുകൾക്ക് നൽകുകയും ചെയ്തുവരുന്നു. കൂടുതൽ നിയമന കൂടിശ്ശികയുള്ള വകുപ്പദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ചു ചേർത്ത് നിയമന പുരോഗതി വിലയിരുത്തുകയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളെ സംബന്ധിച്ച് നിയമനം ത്വരിതപ്പെടുത്തുവാൻ സർക്കാർ തലത്തിൽ അഭ്യർത്ഥിക്കുകയും ചെയ്തു വരുന്നുണ്ട്. നിയമന പുരോഗതി അവലോകനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയും നിലവിലുണ്ട്.

എൻ.സി.സി. ഡയറക്ടറേറ്റിൽ ഹെഡ്കാർട്ടേഴ്സ് വേക്കൻസി നിയമനം

36(1281) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 30 വർഷമായി എൻ. സി. സി. ഡയറക്ടറേറ്റിൽ ഹെഡ് കാർട്ടേഴ്സ് വേക്കൻസിയിൽ മറ്റ് ജില്ലകളിലെ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly